പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 879 — 11.06.2014 -ലെ മറുപടിക്ക്.

ചാത്തന്നൂരിലെ കൺസ്ട്രക്ഷൻ അക്കാഡമി

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ: | മറുപടി<br>ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) ചാത്തന്നൂരിൽ സ്ഥാപിക്കുന്ന കൺസ്ട്രക്ഷൻ അക്കാഡമിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നാണ്; കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ പ്രസ്തുത സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നത്; | (എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഹൈദരാബാദിൽ നിലവിലുള്ള കൺസ്ട്രക്ഷൻ അക്കാഡമിയുടെ മാതൃകയിൽ ഒരു സ്ഥാപനം ആരംഭിക്കാൻ 11/08/2009 ലെ സ. ഉ. (സാധാ) നം. 1170/09/തൊഴിൽ പ്രകാരം സർക്കാർ അനുമതി നല്കിയിരുന്നു. വ്യവസായ വകുപ്പിന്റെ 05/04/2010 ലെ ജി.ഒ (എം.എസ്) നം. 84/2010/വ്യവസായ വകുപ്പ്, പ്രകാരം ബോർഡിന് കൺസ്ട്രക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതിന് 10 ഏക്കർ വസ്തു കൈമാറ്റം ചെയ്യുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ സ്ഥിതി ചെയ്യുന്ന വസ്തുവിൽ നിന്നും 10 ഏക്കർ വസ്തു വിലയ്ക്കു വാങ്ങുകയും ചെയ്തു. കൂടാതെ ബോർഡിനു കീഴിൽ രൂപീകരിക്കുന്ന കൺസ്ട്രക്ഷൻ അക്കാഡമിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ 16/02/2011 ലെ സ.ഉ. (സാധാ) നം. 260/2011/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിക്കുകയും, ആയതനുസരിച്ച് ടി അക്കാഡമി 1955 ലെ സാഹിത്യ ശാസ്ത്ര ധർമ്മ സ്ഥാപന സംഘം രജിസ്ട്രേഷൻ നിയമത്തിലെ വ്യവസ്ഥയിൽ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നല്കുകയും ചെയ്തു. പ്രസ്തുത കൺസ്ട്രക്ഷൻ അക്കാഡമിക്കു വേണ്ടി ചാത്തന്നൂരിൽ വിലയ്ക്ക് വാങ്ങിയ സ്ഥലത്ത് 01/03/2011 ൽ അന്നത്തെ ബഹു. എക്സൈസ് തൊഴിൽ വകുപ്പ് മന്ത്രി തറക്കല്ലിടുകയുണ്ടായി. |

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) കേരള കൺസ്ട്രക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി അക്കാഡമിക്കു വേണ്ടി വാങ്ങിയിട്ടുള്ള 10 ഏക്കർ വസ്തുവിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കവെ, പ്രസ്തുത വസ്തുവിന്റെ ഒരു ഭാഗത്ത് സ്പിന്നിംഗ് മില്ലിന്റെ ഇലക്ട്രിക്കൽ സംവിധാനങ്ങൾ ഉൾപ്പെടുന്ന വസ്തു മില്ലിന് തിരികെ നല്കണമെന്നും ഇതിന് പകരമായി അനുയോജ്യമായ വസ്തു തരാമെന്നും കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ അധികൃതർ അറിയിച്ചതിനെ തുടർന്ന് ടി മില്ലിന് നല്കേണ്ട ഭൂമിയും, പകരം ഏറ്റെടുക്കേണ്ട ഭൂമിയും 21/07/2012 ൽ അളന്ന് തിട്ടപ്പെടുത്തുകയും, ഇപ്രകാരം അവർക്ക് നല്കുന്ന 6.48 ആർ (16 സെന്റ്) സ്ഥലത്തിനു പകരം ദേശീയ പാതയോടു ചേർന്നുള്ള വസ്തു കൺസ്ട്രക്ഷൻ അക്കാഡമിയ്ക്കായി ഏറ്റെടുക്കുന്നതിന് 2012 ഡിസംബർ 20 ന് ധാരണാപത്രം ഒപ്പിടുകയും ചെയ്തിട്ടുണ്ട്. |
| (സി) കൺസ്ട്രക്ഷൻ അക്കാഡമി പ്രാവർത്തികമാക്കുവാൻ കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയോട് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവോ; എങ്കിൽ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നത് എന്നാണെന്നും എത്ര ദിവസങ്ങൾക്കകം പ്രോജക്ട് നല്കുവാൻ ആവശ്യപ്പെട്ടിരുന്നതെന്നും വ്യക്തമാക്കാമോ; | (സി) കൺസ്ട്രക്ഷൻ അക്കാഡമിക്കു വേണ്ടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അടിയന്തിരമായി നല്കുന്നതിന് കേരള സർവ്വകലാശാലയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള എന്ന സ്ഥാപനവുമായി 04/02/2009 ൽ നടന്ന ചർച്ചയിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രോജക്ട് റിപ്പോർട്ട് നല്കുന്നതിന് സമയപരിധി നിർദ്ദേശിച്ചിരുന്നില്ല. |
| (ഡി) പ്രസ്തുത പ്രോജക്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ ; കൺസ്ട്രക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സമിതിക്കോ, കമ്മറ്റിക്കോ രൂപം നല്കിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ എന്ന് വ്യക്തമാക്കുമോ ; | (ഡി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള സ്റ്റഡീസ് പ്രോജക്ട് റിപ്പോർട്ട് 31/12/2009 ൽ സമർപ്പിച്ചിരുന്നു. ആശയം, നിർവ്വചനം, നടപടിക്രമങ്ങളും ശൈലിയും, പദ്ധതിയുടെ ചട്ടക്കൂട്, പ്രോജക്ട് ഘടകങ്ങൾ, പ്രോജക്ട് പ്രവർത്തനവും, പരിപാലനവും, വസ്തുതകളും, നടത്തിപ്പ് രീതികളും എന്നിവ ഉൾപ്പെടുത്തിയാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ലഭിച്ചിട്ടുള്ളത്. 16/02/2011 ലെ സ.ഉ. (സാധാ) നം. 260/2011/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ അനുസരിച്ച് ഭരണസമിതിയും നിർവ്വാഹ |

| | |
|---|---|
| | സമിതിയും രൂപീകരിക്കുന്നതിലേയ്ക്കായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മറ്റികളിലെ അംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) പ്രസ്തുത കമ്മിറ്റി ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം എത്ര പ്രാവശ്യം യോഗം ചേർന്നിട്ടുണ്ടെന്നും എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടുവെന്നുമുള്ള വിശദാംശം വ്യക്തമാക്കാമോ? | (ഇ) കേരള കൺസ്ട്രക്ഷൻ അക്കാഡമിയുടെ ഭരണസമിതി 06/03/2014 ൽ ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രിയുടെ ചേംബറിൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന കേരള കൺസ്ട്രക്ഷൻ അക്കാഡമി എന്ന ആശയത്തിനേക്കാൾ, സാങ്കേതിക നിപുണതയും, വിദഗ്ധ പരിശീലനവും നല്കത്തക്കവിധത്തിലുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ധ്യ കേന്ദ്രങ്ങളാണ് ഇപ്പോൾ ആവശ്യമെന്നും ഇതിന് ചാത്തന്നൂരിൽ വിലയ്ക്ക് വാങ്ങിയ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കർ സ്ഥലം വിനിയോഗിക്കുന്നത് ഉചിതമായിരിക്കുമെന്നും, ആകയാൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ഭരണസമിതി ((Governing Body)**

1. ബഹു.തൊഴിൽ വകുപ്പ് മന്ത്രി , കേരള സർക്കാർ – ചെയർമാൻ
2. ചെയർമാൻ, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് – വൈസ് ചെയർമാൻ
3. ധനകാര്യ വകുപ്പ് സെക്രട്ടറി, കേരള സർക്കാർ – മെമ്പർ
4. തൊഴിൽ വകുപ്പ് സെക്രട്ടറി , കേരള സർക്കാർ – മെമ്പർ
5. നിയമ വകുപ്പ് സെക്രട്ടറി, കേരള സർക്കാർ – മെമ്പർ
6. സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ് – മെമ്പർ
7. സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ് – മെമ്പർ
8. ചീഫ് എഞ്ചിനീയർ, ബിൽഡിംഗ്സ് - മെമ്പർ
9. സെക്രട്ടറി, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് - മെമ്പർ
10. ഡയറക്ടർ, കേരള കൺസ്ട്രക്ഷൻ അക്കാദമി - മെമ്പർ
11. ഡയറക്ടർ, എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്, തിരുവനന്തപുരം – മെമ്പർ
12. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, കേരള, തിരുവനന്തപുരം – മെമ്പർ
13. ഈ മേഖലയിൽ പ്രാവീണ്യമുള്ള സർക്കാർ നോമിനേറ്റ് ചെയ്യുന്ന 5 വിദഗ്ദ്ധർ
14. സ്പെഷ്യൽ ഓഫീസർ, കേരള കൺസ്ട്രക്ഷൻ അക്കാദമി – മെമ്പർ
15. ലേബർ കമ്മീഷണർ - മെമ്പർ

**നിർവ്വാഹക സമിതി (Executive Committee)**

1. തൊഴിൽ വകുപ്പ് സെക്രട്ടറി, കേരള സർക്കാർ – ചെയർമാൻ
2. ഡയറക്ടർ, കേരള കൺസ്ട്രക്ഷൻ അക്കാദമി - വൈസ് ചെയർമാൻ
3. ധനകാര്യ വകുപ്പ് സെക്രട്ടറി , കേരള സർക്കാർ – മെമ്പർ
4. നിയമ വകുപ്പ് സെക്രട്ടറി, കേരള സർക്കാർ – മെമ്പർ
5. സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ് – മെമ്പർ
6. ലേബർ കമ്മീഷണർ - മെമ്പർ
7. ചീഫ് എഞ്ചിനീയർ, ബിൽഡിംഗ്സ് - മെമ്പർ
8. സെക്രട്ടറി, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് - മെമ്പർ
9. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ– മെമ്പർ
10. ഈ മേഖലയിൽ പ്രാവീണ്യമുള്ള സർക്കാർ നോമിനേറ്റ് ചെയ്യുന്ന 2 വിദഗ്ദ്ധർ
11. സ്പെഷ്യൽ ഓഫീസർ, കേരള കൺസ്ട്രക്ഷൻ അക്കാദമി – മെമ്പർ

Deepa
സെക്ഷൻ ഓഫീസർ